പുതിയ നിയമനങ്ങൾ

* 125. [455] ശ്രീ. സി. ഗോവിന്ദപ്പണിക്കർ:
,, മുസ്തഫാ കെമാൽ:
,, ഈ. ടി. കുഞ്ഞൻ:
,, ടി. കെ. രാമകൃഷ്ണൻ:
,, എ. എസ്. എൻ. നമ്പീശൻ:
,, കെ. ഐ. രാജൻ:
,, എസ്. ദാമോദരൻ:
,, വി. ശ്രീധരൻ:
,, ഈ. ബാലാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 നവംബർ 1-ാം തീയതി പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെൻറുകളിലും മറ്റുമായി എത്രപേരെ ഉദ്യോഗത്തിൽ ഗവൺമെൻറു നിയമിച്ചു;

(ബി) ഇതിൽ ഗവൺമെൻറു നേരിട്ടു നിയമിച്ചവർ എത്ര;

(സി) പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിച്ചിട്ടുള്ളവർ എത്ര;

(ഡി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടു; ഏതെല്ലാം;

(ഇ) ന്യൂഡൽഹിയിൽ ഒരു ഇൻഫർമേഷൻ ആഫീസറെ നിയമിക്കാൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്.

ശ്രീ. മുസ്തഫാകെമാൽ: അടുത്തകാലത്ത് കുറേപേരെ നിയമിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ചുള്ള ചോദ്യത്തിന് വിവരംശേഖരിച്ചു വരുന്നു എന്നുള്ള ഉത്തരം തൃപ്തികരമല്ല. അടുത്ത ദിവസം ഗവൺമെൻറു ഒപ്പീഡറൻമാരായി നിയമിക്കപ്പെട്ടവരിൽ കൊല്ലത്തെ ശ്രീമാൻ കെ. സി. തങ്കപ്പൻപിള്ള കേരളാ കാൺഗ്രസ്സിൻെറ ജനറൽസെക്രട്ടറി ശ്രീമാൻ ആർ. ബാലകൃഷ്ണപിള്ളയുടെ സ്യാലനാണ്. ഈ നിയമനത്തിൽ അഴിമതിയില്ലേ?

ശ്രീ. സി. അച്യുതമേനോൻ: കൊല്ലത്തെ ഗവൺമെൻറു ഒപ്പീഡറൻമാരുടെ നിയമനം താഴെ പറയുന്ന അടിസ്ഥാനത്തിലാണ് നടന്നത്. നിയമിക്കപ്പെടേണ്ടവരുടെ ഒരു പാനൽ ഡിസ്ട്രിക്ടു ജഡ്ജും കളക്ടറൻമാരും കൂടി ഗവൺമെൻറിന് സമർപ്പിക്കണം. അങ്ങനെയുള്ള ഒരു പാനൽ ഈ ഗവൺമെൻറുവരുന്നതിനുമുമ്പ് ഉണ്ടായിരുന്ന ഗവൺമെൻറുതന്നെയാണ് ക്ഷണിച്ചത്. ആ പാനലിൽ ഉണ്ടായിരുന്ന ഒരു ദേഹമാണ് ശ്രീമാൻ തങ്കപ്പൻപിള്ള. അതുകൊണ്ട് അയാളെ നിയമിച്ചു. അദ്ദേഹത്തിൻെറ ബന്ധുക്കൾ ആരാണെന്നുള്ളതിനെപ്പറ്റി ഗവൺമെൻറു ആലോചിച്ചിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇതിൽ ഗവൺമെൻറു നേരിട്ടു നിയമിച്ചവർ എത്രയെന്ന ഒരു ചോദ്യം ഉണ്ട്. അതിനും ഉത്തരം പറഞ്ഞിരിക്കുന്നത് വിവരം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ചു വരുന്നു എന്നാണ്. അതിന്റെ ഉത്തരം കിട്ടാൻ പ്രയാസമുള്ള കാര്യമല്ല. സെക്രട്ടേറിയറ്റിൽനിന്നും തന്നെ കിട്ടുന്നതാണ്.

ശ്രീ. സി. അച്യുതമേനോൻ: തൽക്കാലം എന്റെ കൈവശമില്ല അതു സംബന്ധിച്ച വിവരം. ചോദ്യം ചോദിച്ചിരുന്നതു "പുതിയ മന്ത്രിസഭ അധികാരത്തിൽവന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിലും മറ്റുമായി എത്രപേരെ നിയമിച്ചു" എന്നാണ്.

ശ്രീമതി. കെ. ആർ. ഗൗരി: (സി)യിൽ "പബ്ളിക് സർവ്വീസ് കമ്മീഷൻമൂലം നിയമിച്ചവർ എത്രയെന്നും.....

ശ്രീ. സി. അച്യുതമേനോൻ: ഞാൻ പറയുന്നതു മുഴുവൻ കേട്ടിട്ടു ചോദിക്കണം. ഇങ്ങനെ വിശാലമായ ഒരു ചോദ്യമായതുകൊണ്ട് ഈ ചോദ്യത്തിനെല്ലാം ഉത്തരം പറയത്തക്ക വിവരം എന്റെ കൈവശമില്ലെന്നു ഞാൻ പറഞ്ഞു. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേക കാര്യത്തെപ്പറ്റി ചോദിക്കുകയാണെങ്കിൽ അറിവുള്ളിടത്തോളംകാര്യങ്ങൾ പറയുകയും ചെയ്യാം. ഇപ്പോൾ കൊല്ലത്തെകാര്യംതന്നെ ചോദിച്ചു അറിയാമെന്നുള്ളതു പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി: (ബി) യുടേയും (സി)യുടേയും ഉത്തരം ഇവിടെനിന്നും ശേഖരിക്കാനുള്ളതേ ഉള്ളൂ. ബിയുടെ ഉത്തരമെങ്കിലും തീർച്ചയായും പറയാം. ഗവൺമെൻറുനേരിട്ടു നിയമിച്ചവർ എത്രയെന്നാണ് ചോദിച്ചിരിക്കുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വിവരം ശേഖരിച്ചുവരുന്നു എന്നുള്ള ഉത്തരം പുത്തനായിട്ടുള്ളതാണോ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ മന്ത്രിയോടാണ് ചോദിച്ചത്, മന്ത്രിമാരാകാൻ പോകുന്നവരോടല്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഞാൻ മുൻമന്ത്രിമാരോടല്ല പറയുന്നത് ബഹുമാനപ്പെട്ട സ്പീക്കറോടാണ്.

(ശ്രീമാൻമാരായ സി. ബി.സി. വാര്യർ, എ. വി. ആര്യൻ, ഇ. എം. ജോർജ് തുടങ്ങിയവർ എഴുന്നേറ്റുനിന്ന് എന്തോവിളിച്ചു പറഞ്ഞുകൊണ്ടിരുന്നു)

മി. സ്പീക്കർ: മിസ്റ്റർ ശ്രീനിവാസനു ഒരു ചോദ്യം ചോദിക്കണമെങ്കിൽ ചോദിച്ചുകൊള്ളട്ടെ.

ശ്രീമതി. കെ. ആർ. ഗൗരി: എന്റെ ചോദ്യം നിൽക്കുകയാണ്, അതിന് ഉത്തരം കിട്ടിയിട്ടില്ല. അതിനിടയിൽ മറെറാരാളും കയറി ചോദ്യം ചോദിക്കുന്നതു ശരിയല്ല.

ശ്രീ. സി. അച്യുതമേനോൻ: ചോദ്യത്തിനു മുഴുവൻ ഉത്തരം ശേഖരിച്ചുവന്നാൽ മാത്രമേ മറുപടി പറയാൻ പറ്റുകയുള്ളൂ. അതേസമയത്തുതന്നെ പ്രത്യേകമായി വല്ലതും ചോദിക്കുകയാണെങ്കിൽ അറിയാവുന്നതു പറയുകയും ചെയ്യാം. അങ്ങനെ എന്തെങ്കിലും ചോദിക്കണം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: വിവരം ശേഖരിച്ചുവരുന്നു എന്നുള്ളത് ഈ ഗവൺമെൻറു വന്നതിനുശേഷംമാത്രമല്ലല്ലോ ഉണ്ടായത്. ശ്രീമതി ഗൗരി മന്ത്രിയായിരുന്നകാലത്തും ഇങ്ങനെ മറുപടി പറഞ്ഞിട്ടുള്ളതായിട്ട് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതിന് ഉത്തരം പറയേണ്ട കാര്യമില്ല.

ശ്രീ. ജോർജ് തോമസ്: ന്യൂ ഡൽഹിയിൽ ഒരു ഇൻഫർമേഷൻ ആഫീസറെ നിയമിക്കാൻ ഗവൺമെൻറു തീരുമാനിച്ചിട്ടുണ്ടോയെന്ന ഒരു ചോദ്യമുണ്ട്. അതിനും വിവരം ശേഖരിച്ചുവരുന്നു എന്ന ഉത്തരമാണോ ഉള്ളത്?

ശ്രീ. സി. അച്യുതമേനോൻ: ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിച്ചില്ല. തീരുമാനിച്ചിട്ടുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. കെ. ഐ. രാജൻ: കൊല്ലത്തെകാര്യത്തിൽ കളക്ടറും ഡിസ്ട്രിക്ട് ജഡ്ജിയും തന്ന പാനലിൽ എത്രപേരുടെ പേരുണ്ടായിരുന്നു. അതിൽ യോഗ്യനായിട്ടു ശ്രീമാൻ തങ്കപ്പൻപിള്ള മാത്രമേ ഉണ്ടായിരുന്നുള്ളോ?

ശ്രീ. സി. അച്യുതമേനോൻ: നാലുപേരുടെ പേരുണ്ടായിരുന്നു. ഇപ്പോഴും ഇരിക്കുന്ന ആളടക്കം നാലുപേരുടെ പേരുണ്ട്. അയാളുടെ ട്ടേം കഴിഞ്ഞല്ലേ ഉള്ളു എന്നുവിചാരിച്ച് ഒഴിവാക്കി. പിന്നെ അതിനുമുമ്പു ഇരുന്ന ശ്രീമാൻ വേലപ്പനുമുണ്ടായിരുന്നു. അയാളും ഇരുന്നിട്ടുള്ള ആളാണ്. പിന്നെ രണ്ടു പേരെ ഉള്ളു. അതിൽ ഒരാളെ തിരഞ്ഞെടുത്തു. ഈ ലിസ്റ്റു മുൻ ഗവൺമെൻറിൻെറ കാലത്തുള്ളതുമാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോർട്ടിലെ ഗവൺമെൻറ് പ്ലീഡർമാരെ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ? അങ്ങനെ നിയമിച്ചത് അവിടെനിന്നും അയച്ചുതന്ന പാനൽ പരിപൂർണ്ണമായും നിഷേധിച്ചുകൊണ്ടു പുതിയ ആളുകളെയാണ് നിയമിക്കപ്പെട്ടത് എന്നറിയുന്നതു ശരിയാണോ?

ശ്രീ. സി. അച്യുതമേനോൻ: ശരിയല്ല. ആ പാനലിൽ നിന്നുതന്നെയാണ് നിയമിച്ചിട്ടുള്ളത്. അതുകൂടാതെ അഡീഷണൽ പാനൽ ചോദിച്ചിരുന്നു. അങ്ങനെ ഒട്ടാകെ പത്തിരുപതുപേരുകളും കിട്ടിയിരുന്നു. അതിൽ നിന്നാണ് അഞ്ചുപേരേ തിരഞ്ഞെടുത്തത്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: വലതുകമ്മ്യൂണിസ്റ്റ് നേതാവ് ഉണ്ണിരാജായുടെ ബന്ധുവും ഐ. എസ്. പി. നേതാവ് ചന്ദ്രശേഖരൻെറ ബന്ധുവുമൊക്കെ ഇതിൽ ഉൾപ്പെടുന്നുണ്ടെന്നും അഡീഷണൽ പാനലിൽ അവരുടെ പേരുകളും ഉൾപ്പെടുന്നുണ്ടെന്നും അറിയുന്നത് ശരിയാണോ?

ശ്രീ. സി. അച്യുതമേനോൻ: അതു ശരിയല്ല. എൻെറ ഓർമ്മയിൽനിന്നു പറയുകയാണെങ്കിൽ ഈ പറഞ്ഞ ആളുകളുടെ പേര് അതായത് മി. ഉണ്ണിരാജായുടെ ബന്ധു എന്നു പറയുന്ന ആളുടെപേര് മുമ്പത്തെ ലിസ്റ്റിൽത്തന്നെയുണ്ടായിരുന്നു. ശ്രീമതി ഗൗരി മന്ത്രിയായിരുന്ന കാലത്തുള്ള ലിസ്റ്റിൽ തന്നെ ആ പേരുണ്ടായിരുന്നു.

ശ്രീമതി കെ. ആർ. ഗൗരി: ഹൈക്കോടതിയിലെ ഗവൺമെൻറ് പ്ലീഡർമാരുടെ ലിസ്റ്റ് ക്യാബിനറ്റിൽ ചർച്ചചെയ്തു കഴിഞ്ഞതിനുശേഷം പുതിയ അഡ്വക്കേറ്റ് ജനറൽ വേറേയൊരു പാനൽ വിളിച്ചിരുന്നു. അതിനുശേഷം ഈ രണ്ടു ലിസ്റ്റിലുംപെടാത്ത ശ്രീ ഷായ പുതിയ പാനൽ വിളിക്കാൻ പോളിനെപ്പോലേയോ ജോണിനെപ്പോലേയോ ഉള്ള വേറേ ആളുകളെ നിയമിക്കുന്നത് ശരിയായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: പുതിയ ലിസ്റ്റ് വേണമെന്നു ഗവൺമെൻറിനു തോന്നി. അപ്പോഴും പുതിയ ലിസ്റ്റ് ആവശ്യപ്പെട്ടു. ഹൈക്കോടതിയിൽ ഒരേ നിലയിൽ യോഗ്യതയുള്ള അനവധി പേരുണ്ട്. അതിൽനിന്നാണ് അഞ്ചാളുകളെ തിരഞ്ഞെടുത്തത്. എന്തുകൊണ്ടു മറ്റാളുകളെ നിയമിച്ചില്ല എന്ന ചോദ്യം വരും. പക്ഷേ അതിനു മറുപടി പറയാൻ സാധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി: ഇന്ന് നിയമിക്കപ്പെട്ടവരിൽ പലരും ഹൈക്കോടതിയിൽ യാതൊരു കേസുമില്ലാത്ത, കേസ് നടത്തിയാൽ തോറ്റു പോകുന്ന ആളുകളാണെന്നു പറയുന്നത് ശരിയാണോ?

(ഭരണ കക്ഷി ബഞ്ചുകളിൽ ബഹളം)

മി. സ്പീക്കർ: ഓർഡർ, ഓർഡർ.

അഡ്വക്കേറ്റ് ജനറലിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അദ്ദേഹത്തിന് ഈ സഭയിൽവന്ന് ഉത്തരം പറയാൻ സാദ്ധ്യമല്ല. കേസുണ്ടോ ഇല്ലയോ എന്നുള്ള നിലയിൽ ചോദിച്ചത് എന്തായാലും ശരിയായില്ല.

ശ്രീ. സി. അച്യുതമേനോൻ : അവരെല്ലാവരും യോഗ്യൻമാരാണ്. യോഗ്യതയില്ല എന്നാണ് പറയുന്നതെങ്കിൽ അതു തെളിയിക്കാൻ ഞാൻ വെല്ലുവിളിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഞാൻ ചോദ്യം ഉന്നയിച്ചവരിൽ ഒരാളാണ്. സർ, കൊല്ലത്തു പഴയ പാനലിൽ നിന്ന് നിയമിക്കുകയും ഹൈക്കോർട്ടിൻെറകാര്യം വന്നപ്പോഴും പഴയതുകൂടാതെ അഡീഷണൽ ലിസ്റ്റ് വരുത്തുകയും ചെയ്തു എന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെ അവിടെ അഡീഷണൽ ലിസ്റ്റ് വരുത്താനുള്ള പ്രത്യേക കാരണമെന്താണ്? ആദ്യത്തെ ലിസ്റ്റിൽ യോഗ്യതയുള്ള ആരുംക്കാർ ഇല്ലാഞ്ഞിട്ടാണോ ഇങ്ങനെ അഡീഷണൽ ലിസ്റ്റ് വരുത്തിയത്. അതിൻെറ അന്ത:പ്രേരണ എന്തെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അന്ത:പ്രേരണ, മുൻ ഗവൺമെൻറ് ഇതുപോലെ ചെയ്തതായി ഫയലിൽക്കണ്ടു. സാമുദായികമായിട്ടും മറ്റുമൊക്കെയുള്ള പരിഗണനകളും വേണമെന്നു ഗവൺമെൻറിനു തോന്നി. അതെല്ലാംകൂടി സാറ്റിസ്ഫൈ ചെയ്യണമെങ്കിൽ അഡീഷണൽ ലിസ്റ്റ് വേണമായിരുന്നു. അതുകൊണ്ടാണ് ആവശ്യപ്പെട്ടത്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: ഐ. എസ്. പി. ചെയർമാൻ ചന്ദ്രശേഖരൻെറ ബന്ധുവിനെ നിയമിച്ചു എന്നു പറഞ്ഞു. ഞങ്ങളും അറിഞ്ഞിടത്തോളം ആരേയും നിയമിച്ചിട്ടില്ല. അങ്ങനെ ദുസ്സൂചനവച്ചു ചോദിച്ച ചോദ്യം പിൻവലിക്കണം. അതല്ല, അങ്ങനെയുണ്ടെങ്കിൽ അതിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം പറയണം.

ശ്രീ. സി. അച്യുതമേനോൻ: ചന്ദ്രശേഖരൻെറ ബന്ധുവിനെ നിയമിച്ചതായി ഞാൻ പറഞ്ഞില്ല. ഉണ്ണിരാജായുടെ കാര്യം പറഞ്ഞു. അത് എനിക്ക് നേരിട്ടറിയാം. മറ്റൊന്നും എനിക്ക് അറിഞ്ഞുകൂടാ.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ചന്ദ്രശേഖരൻെറ ജൂനിയറായി പ്രാക്ടീസ് ചെയ്യുന്ന .....

(ഭരണകക്ഷി ബഞ്ചുകളിൽ ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, കഴിഞ്ഞ പ്രാവശ്യം ഹൈക്കോടതിയിലേക്ക് ഗവൺമെൻറ് പ്ലീഡേഴ്സിനെ (ജൂനിയറും, സീനിയറും) നിയമിച്ചിട്ടുണ്ടായിരുന്ന തസ്തിക ഇത്ര പോസ്റ്റ് എന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ആ പോസ്റ്റ് കൂട്ടിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: കൂട്ടിയിട്ടുണ്ട്. സീനിയർ ഒന്നും, ജൂനിയർ ഒന്നും കൂട്ടിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ആദ്യം പറഞ്ഞ ലിസ്റ്റിൽ ഉണ്ടായിരുന്ന ഒരാളെ അപ്പോയിൻറ് ചെയ്യാതിരിക്കുകയും അതിനുപകരം വേറെ ഒരാളെ അപ്പോയിൻറ് ചെയ്യുകയും ചെയ്തതിനുശേഷം ചില പ്രത്യേക പ്രതികരണങ്ങൾ വന്നപ്പോഴല്ലേ പോസ്റ്റ് കൂട്ടിയത്.

ശ്രീ. സി. അച്യുതമേനോൻ: ചോദ്യം മനസ്സിലായില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഗവൺമെൻറ് പ്ലീഡേഴ്സ് എന്നുള്ള നിലയ്ക്ക് എത്ര പോസ്റ്റുണ്ടായിരുന്നു. ജൂനിയർ ഗവൺമെൻറ് പ്ലീഡേഴ്സ്, സീനിയർ ഗവൺമെൻറ് പ്ലീഡേഴ്സ്, എന്ന്. അതിലേക്ക് ആവശ്യമുള്ള പോസ്റ്റിൽ മുഴുവൻ ആളുകളേയും നിയമിച്ചുകഴിഞ്ഞതിനുശേഷം നേരത്തെയുള്ള ലിസ്റ്റിൽനിന്ന് ഒരാളെ നിയമിക്കാതെവന്നപ്പോൾ ഭരണകക്ഷിയിൽപ്പെടുന്ന ചില പാർട്ടിക്കാർ അതിനെതിരായി നിന്നപ്പോഴല്ലേ പുതിയ ഒരു പോസ്റ്റ് ഉണ്ടാക്കി പുതിയ ഒരാളെ നിയമിച്ചത്?

ശ്രീ. സി. അച്യുതമേനോൻ: അല്ല. അഡ്വക്കേറ്റ് ജനറൽ ശുപാർശ ചെയ്തത് സീനിയർ ഗവൺമെൻറ് പ്ലീഡേഴ്സ് ആറും ജൂനിയർ ഗവൺമെൻറ് പ്ലീഡേഴ്സ് ആറും വേണമെന്നാണ്. മുൻ ഗവൺമെൻറിൻെറ കാലത്ത് അഞ്ചുമതിയെന്നു നിശ്ചയിച്ചു. ഞങ്ങൾ പരിശോധിച്ചപ്പോൾ ആറുവേണമെന്നു തോന്നി അതുകൊണ്ടാണ് നിയമിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി: സർ, അതു രണ്ടാമത് തീരുമാനിക്കാനുണ്ടായ കാരണമെന്താണ്? ആദ്യം ഇത്ര പോസ്റ്റ് മാത്രം നിയമിക്കുകയും അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞു പുതിയ ആളെ നിയമിക്കുകയും ചെയ്യാനുള്ള കാരണമെന്താണ്?

ശ്രീ. സി. അച്ചുതമേനോൻ: ഇന്ന തീയതിക്ക് നിയമിക്കാൻ എന്താണ് കാരണം എന്നു ചോദിച്ചാൽ ആവശ്യമെന്നു കണ്ടപ്പോൾ നിയമിച്ചു എന്നു മാത്രമേ പറയാൻ സാധിക്കുകയുള്ളു.

മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിനെതിരായുള്ള ആരോപണങ്ങൾ

* 126 (456) ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് അന്വേഷണം നടത്തണമെന്നു കാണിച്ച് ഈ അടുത്ത കാലത്ത് ആരെങ്കിലും പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ അടിസ്ഥാനത്തിൽ എന്തുനടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly